മലയാള മനോരമ
ESTABLISHED 1888

17 February 2026

# കർഷകർക്കായുള്ള 'ഭാരത് വിസ്താർ' ഇന്നു പുറത്തിറക്കും

കൊച്ചി ● കൃഷി സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്ന കേന്ദ്ര സർക്കാരിന്റെ എഐ അധിഷ്ഠിത മുന്നറിയിപ്പു സംവിധാനം 'ഭാരത് വിസ്താർ' ഇന്നു പുറത്തിറക്കും. രാവിലെ 9.30 മുതൽ പരിപാടി തത്സമയം വീക്ഷിക്കാൻ സിഎംഎഫ്ആർഐ അവസരമൊരുക്കുന്നു. തുടർന്നു ബോധവൽക്കരണ പരിപാടിയുമുണ്ട്.

വിപണിയിലെ വില, ഇൻഷുറൻസ്, ബാങ്ക് വായ്പ എന്നിവയെക്കുറിച്ചു വിവരങ്ങൾ ലഭ്യമാക്കുന്ന സംവിധാനമാണിത്. കേന്ദ്ര ബജറ്റിൽ ഇതു പ്രഖ്യാപിച്ചിരുന്നു. സിഎംഎഫ്ആർഐയിൽ ഒരുക്കുന്ന ലൈവ് ടെലികാസ്റ്റിൽ കർഷകർക്കു പങ്കെടുക്കാം. 89218 37939, 99450 35707.